നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2011 14-07-2011 ൽ മറുപടിയ്ക്ക്

## 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഫണ്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീമതി. പി.കെ ജയലക്ഷ്മി<br>(പട്ടിക വർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| 13-ാം ധനകാര്യ കമ്മീഷൻ പട്ടിക ഗോത്രവർഗ്ഗക്കാർക്കായി അനുവദിച്ച ഫണ്ടുപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | കേരളത്തിലെ പ്രാക്തനഗോത്രവർഗ്ഗക്കാരുടെ സമഗ്രവികസനം ലക്ഷ്യമാക്കി പതിമൂന്നാം ധനകാര്യകമ്മീഷൻ അവാർഡിന്റെ ഭാഗമായി ആരോഗ്യം, പരിസ്ഥിതി പരിപാലനം, പ്രൈമറി വിദ്യാഭ്യാസം, കുടിവെള്ളം. പോഷകാഹാരം, ഭവനനിർമ്മാണം, വൈദ്യുതി, റോഡുകൾ, ഭൂരഹിതരായവർക്ക് ഭൂമി നൽകൽ തുടങ്ങിയ മേഖലകളിലെ അധിക ഇടപെടലുകൾക്കായി ലഭ്യമായിട്ടുള്ള 148 കോടി രൂപ അട്ടപ്പാടിയിലെ കുറുമ്പ, കാസർഗോഡ് ജില്ലയിലെ കൊറഗ, വയനാട് ജില്ലയിലെ കാട്ടുനായ്ക്ക, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കാടർ, മലപ്പുറം ജില്ലയിലെ ചോലനായ്ക്ക എന്നിവരുടെ സമഗ്രവികസനത്തിനായി വിനിയോഗിക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതികളുടെ ഘടകങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ